## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

03.04.2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **6468**

# കാളിപ്പാറ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ആൻസലൻ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ വേനൽക്കാലത്തു കുടിവെള്ള വിതരണത്തിനു എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) ജലസ്രോതസ്സുകളിൽ തടയണ കെട്ടിയും പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന ചോർച്ചകൾ യഥാസമയം പരിഹരിച്ചും വേനൽക്കാലത്തെ കുടിവെള്ളവിതരണം കാര്യക്ഷമമാക്കാൻ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നുണ്ട്. കൂടാതെ കുടിവെള്ള ക്ഷാമം രൂക്ഷമായ സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പാടാക്കുന്ന ടാങ്കർ ലോറികൾ മുഖേനയും കുടിവെള്ളം എത്തിക്കുന്നതിന് നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) കാളിപ്പാറ കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് നെയ്യാറ്റിൻകര നഗര സഭാപ്രദേശത്തും അതിയന്നൂർ പഞ്ചായത്ത് പ്രദേശത്തും കുടിവെള്ളം എത്തിക്കുന്നതിനു എടുത്ത നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) കാളിപ്പാറ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിൽ പ്രധാന തടസ്സമായിരുന്നത് നെയ്യാറ്റിൻകര ആശുപത്രി ജംഗ്ഷനിലെ റെയിൽവേ ക്രോസ്സിംഗും ആലുമ്മൂട് ജംക്ഷനിലെ എൻ.എച്ച് ക്രോസ്സിംഗും പൊൻവിളയിലെ സ്ഥലലഭ്യതയുമാണ്. ഇപ്പോൾ നെയ്യാറ്റിൻകര ആശുപത്രി ജംഗ്ഷനിലെ റെയിൽവേ ക്രോസ്സിംഗിൽ നിലവിലുള്ള വ്യാസം കുറഞ്ഞ എ.സി പൈപ്പ് മാറ്റി എം.എസ് പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകി പ്രവൃത്തി പൂർത്തീകരിക്കുകയും കാളിപ്പാറ പദ്ധതിയിൽ നിന്നുള്ള 700 എം.എം പൈപ്പുമായി കൂട്ടിയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റെയിൽവേ ക്രോസ്സിംഗിൽ 700 എം.എം. വ്യാസമുള്ള പൈപ്പാണ് സ്ഥാപിക്കേണ്ടിയിരുന്നത്. അതിനുള്ള അനുമതി റയിൽവെയുടെ രണ്ടുവരി പാത വികസന സമയത്ത് പരിഗണിക്കാമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര ആലുമ്മൂട് ജംഗ്ഷനിലെ എൻ.എച്ച്. ക്രോസ്സിംഗിനുള്ള അനുമതി ലഭ്യമാക്കി |

പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. നിലവിൽ പ്രസ്തുത പദ്ധതിയുടെ വാട്ടർ ലൈൻ കടന്നുപോകുന്ന നെയ്യാറ്റിൻകര റെയിൽവേ പാലം വരെയുള്ള സ്ഥലങ്ങളിൽ ജലവിതരണം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി റവന്യൂ വകുപ്പിൽനിന്നും പൊൻവിളയിൽ സ്ഥലമെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

അതിയന്നൂർ പഞ്ചായത്തിലെ കുടിവെള്ള വിതരണത്തിനായി അതിയന്നൂർ, കോട്ടുകാൽ എന്നീ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള 25 കോടി രൂപയുടെ ഒരു പദ്ധതിക്ക് തത്വത്തിൽ അനുമതി നൽകി. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**